**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 940** **24-02-2022 - ൽ മറുപടിയ്ക്ക്**

**എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ പ്രളയ കാലത്ത് ഉണ്ടാകുന്ന കനത്ത ആഘാതം ലഘൂകരിക്കാൻ ആറുകളിലും തോടുകളിലും അടിഞ്ഞു കൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിൽ പ്രളയകാലത്ത് ഉണ്ടാകുന്ന കനത്ത ആഘാതം ലഘൂകരിക്കാൻ പാടശേഖരങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന തോടുകൾ, കനാലുകൾ എന്നിവ ആഴം കൂട്ടി അവയുടെ സംവഹന ശേഷി വർദ്ധിപ്പിച്ചു വരുന്നു. എല്ലാ വർഷവും കുട്ടനാട് പാക്കേജ് പ്ലാൻ പദ്ധതി, നബാർഡ് പദ്ധതി എന്നിവയിൽപ്പെടുത്തി ടി പ്രവൃത്തികൾ നടത്തി വരുന്നു. കുട്ടനാട്ടിലെ പ്രളയ കാലത്ത് ഉണ്ടാകുന്ന കനത്ത ആഘാതം ലഘൂകരിക്കാൻ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് വേണ്ടി പുതിയ ആധുനിക സംവിധാനത്തോടുകൂടിയ ഡ്രെഡ്ജറുകളും അനുബന്ധ മെഷീനറികളും വാങ്ങുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കി വരികയാണ്. കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്ത് ബണ്ട് സംരക്ഷിക്കുന്നതിന് ഒന്നാം ഘട്ടമായി 56.25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടനാട് ഉൾപ്പെടെയുള്ള ആലപ്പുഴ ജില്ലയിലെ തോടുകളിൽ അടിഞ്ഞുകൂടിയ എക്കലും, മണ്ണും നീക്കം ചെയ്യുന്നതിന് 26.52 കോടി രൂപയുടെ പ്രൊപ്പോസൽ ജില്ലാ കളക്ടർ, ദുരന്ത നിവാരണ വകുപ്പ്, ആലപ്പുഴയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വേൾഡ് ബാങ്ക് സഹായത്തോടെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്താനായി 3.09 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അടുത്ത മൺസൂണിന് മുൻപ് ടി പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | അടുത്ത മൺസൂണിന് മുൻപ് ഇക്കാര്യത്തിൽ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കുട്ടനാട്ടിൽ പ്രളയകാലത്ത് ഉണ്ടാകുന്ന കനത്ത ആഘാതം ലഘൂകരിക്കാൻ പാടശേഖരങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന തോടുകൾ, കനാലുകൾ എന്നിവ ആഴം കൂട്ടി അവയുടെ സംവഹന ശേഷി വർദ്ധിപ്പിച്ചു വരുന്നു. എല്ലാ വർഷവും കുട്ടനാട് |

| | | | |
|---|---|---|---|
| | | | പാക്കേജ് പ്ലാൻ പദ്ധതി, നബാർഡ് പദ്ധതി എന്നിവയിൽപ്പെടുത്തി ടി പ്രവൃത്തികൾ നടത്തി വരുന്നു. കുട്ടനാട്ടിലെ പ്രളയ കാലത്ത് ഉണ്ടാകുന്ന കനത്ത ആഘാതം ലഘൂകരിക്കാൻ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് വേണ്ടി പുതിയ ആധുനിക സംവിധാനത്തോടുകൂടിയ ഡ്രെഡ്ജറുകളും അനുബന്ധ മെഷീനറികളും വാങ്ങുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കി വരികയാണ്. കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്ത് ബണ്ട് സംരക്ഷിക്കുന്നതിന് ഒന്നാം ഘട്ടമായി 56.25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടനാട് ഉൾപ്പെടെയുള്ള ആലപ്പുഴ ജില്ലയിലെ തോടുകളിൽ അടിഞ്ഞുകൂടിയ എക്കലും, മണ്ണും നീക്കം ചെയ്യുന്നതിന് 26.52 കോടി രൂപയുടെ പ്രൊപ്പോസൽ ജില്ലാ കളക്ടർ, ദുരന്ത നിവാരണ വകുപ്പ്, ആലപ്പുഴയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വേൾഡ് ബാങ്ക് സഹായത്തോടെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്താനായി 3.09 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അടുത്ത മൺസൂണിന് മുൻപ് ടി പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ആറുകളിലെ മണൽ വാരൽ നിശ്ചിത സമയത്തേക്ക് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ആറുകളിൽ അടിഞ്ഞു കൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്ന പ്രവൃത്തി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ